ST. THOMAS SYRO MALABAR COMMUNITY - MALTA

# the APOSTLE

**AUGUST** 2026 **PRICE** 0.00€ **VOL 2**

EXCLUSIVE
## നിറഹൃദയത്തോടെ...





HAPPY
Independence
DAY

"വിശുദ്ധ തോമാശ്ലീഹാ
വിശ്വാസത്തിന്റെ വഴികാട്ടി,
പ്രവാസികളുടെ പ്രചോദനം"

A MONTHLY SPIRITUAL MAGAZINE FOR OUR SYRO MALABAR COMMUNITY MALTA, A PLACE TO NUTURE MORAL ABILITIES AND BRING POSITIVE CHANGE IN SOCIETY THROUGH SPIRITUALITY

Parish day of Our St.Thomas Syro Malabar Parish day celebration



WWW.STTHOMASSYROMALABARPARISHMALTA.ORG

# CONTENTS










03 എഡിറ്റോറിയൽ

09 നാം എന്തിനു തിരുനാൾ ആഘോഷിക്കണം?

23 പ്രണയം

25 ആധുനിക സമൂഹത്തിൽ മൊബൈൽ ഫോണിന്റെ ആസക്തി

26 വിശുദ്ധ തോമാശ്ലീഹ വിശ്വാസത്തിന്റെ വഴികാട്ടി, പ്രവാസികളുടെ പ്രചോദനം

29 ZAPHNETH PHENEYYA



# എഡിറ്റോറിയൽ

പ്രിയപ്പെട്ടവരേ,

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ലഭിച്ച ദൈവാനുഗ്രഹത്തിന് നന്ദിനിറഞ്ഞ ഹൃദയത്തോടെ നിങ്ങളോടൊത്ത് ഞാനും തിരിഞ്ഞുനോക്കുമ്പോൾ, വിസ്മയം മാത്രം! കൊവിഡിന്റെയും ക്വാറന്റൈന്റെയും മറക്കാനാഗ്രഹിക്കുന്ന ഓർമ്മകളുടെ കാലം മറികടന്ന് പുതിയ ഒരു തുടക്കമായി. പിന്നെ നമ്മുടെ ജീവിതശൈലികളെ തിരികെപ്പിടിക്കാനുള്ള പരിശ്രമത്തിൽ ആത്മീയതയുടെ വലിയ പ്രയാണത്തിലും ഏവരും ഏറെ സഹകരിച്ചതുകൊണ്ടാണ് വലിയ മുന്നേറ്റങ്ങൾക്ക് ഇടയായതെന്ന് ഞാൻ ഓർത്തെടുക്കുന്നു. വിശുദ്ധ കുർബാനകൾ, മതബോധനം, മറ്റു തിരുനാളാഘോഷങ്ങളും ക്രമേണ സജീവമാകുന്നതിനുസരിച്ച് പുതിയ പള്ളികളും തിരുക്കർമ്മങ്ങളും ആവശ്യാനുസരണം കണ്ടെത്താൻ നമുക്ക് സാധിച്ചു. അതിന് നമ്മുടെ ഈ നാടും, രൂപതയും, വൈദികരും പിന്നെ നിങ്ങളോരുത്തരും ഏറെ സഹകരിച്ചിട്ടുണ്ട്.

കാലാകാലങ്ങളിൽ മാറിമാറിവന്ന കമ്മറ്റികളും കൂട്ടായ തീരുമാനങ്ങളും നമ്മുടെ സമൂഹത്തിന്റെ വളർച്ചയെയും നിലനിൽപ്പിനെയും കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്!  ഏവരെയും അതിശയിപ്പിക്കുന്ന വിശ്വാസത്തിന്റെ പ്രഘോഷകരായി ഈ ഈ രാജ്യത്തിനും മറ്റു രാജ്യങ്ങൾക്കും മാതൃകകളാകാൻ പലകാര്യങ്ങളിലും നാം വിജയിച്ചിട്ടുണ്ട്. സമ്പത്തും, ആൾബലവും, സമയവും, സമർപ്പണവും പലമേഖലകളിൽ അനേകർ നിർലോഭം നൽകിയത് മറക്കാനാവില്ല. ദിവസവും രണ്ടുകുർബാനകളും ഞായർ ആറുകുർബാനകളും ആറുസോണുകളിലായി നടത്തപ്പെടുന്നു. കെയർ ഹോമുകളിലെയും ആശുപത്രികളിലെയും കുർബാനകളെല്ലാം ദൈവനിയോഗം പോലെ ക്രമീകരിക്കപ്പെട്ടതിന്റെ ചാരിതാർത്ഥ്യം മാത്രമാണ് മനസ്സിൽ.

അധികാരികളേവർക്കും നന്ദിപ്പറയുന്നതോടൊപ്പം സഹവൈദികർക്കും സഹായ ഹസ്തം നലകിയവർക്കും ദൈവാനുഗ്രഹം നേരുന്നു. പൗലോസ് അപ്പസ്തോലന്റെ പാദസ്പർശമേറ്റ മണ്ണ് ഇനിയും അനുഗ്രഹത്തിന്റെ വിളനിലമായി പ്രശോഭിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. പ്രത്യാശ നഷ്ടപ്പെടാതെ വിശ്വാസത്തിലധി ഷ്ഠിതമായി തോമാശ്ലീഹായുടെ ചങ്കുറപ്പോടെ മുന്നേറാൻ ഒത്തൊരുമയോടെ പരിശ്രമിക്കാം. ഏവർക്കും ദൈവാനുഗ്രഹം നേരുന്നു. എന്നെയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

പ്രാർത്ഥനാപൂർവ്വം,
ഫാ. മാത്യു വാരുവേലിൽ

# നിറഹൃദയത്തോടെ...



**ശാ**ന്തമായൊഴുകുന്ന പുഴപോലൊരു വൈദികൻ!
അതിന്റെ ആഴവും പരപ്പും തെളിമയും ഒഴുക്കും അടുത്തറിയുമ്പോഴാണ് വെളിവാക്കുക! ആറ് വർഷങ്ങൾക്കുമുമ്പ് ആ ഓർക്കാനിഷ്ടമില്ലാത്ത ഒരു കോവിഡ് കാലത്ത് ശാന്തമായി വന്ന് മാൾട്ടയിലെ സീറോ മലബാർ കമ്മ്യൂണിറ്റിയുടെ ചരിത്രത്തിൽ വിപ്ലവം സൃഷ്ടിച്ച് ഓർക്കാൻ ഇഷ്ടം മാത്രമുള്ള ഒരുപിടി മുഹൂർത്തങ്ങളും ഓർമ്മകളും സമ്മാനിച്ച് മാൾട്ടയോട് വിടപറഞ്ഞു കടന്നുപോകുന്ന സ്നേഹ ബഹുമാനപ്പെട്ട മാത്യു വാരുവേലിൽ അച്ചൻ.

ഒട്ടും എളുപ്പമായിരുന്നില്ല ആ യാത്ര. പരിമിതികൾ ഏറെയുണ്ടായിരുന്നു തരണം ചെയ്യാൻ. 2016 കാലത്ത് സ്നേഹ ബഹുമാനപ്പെട്ട ബിനോജ് മുളവരിക്കൽ അച്ചൻ ഏറെ പ്രതീക്ഷകളോടെ അറുപതോളം പേരെ ഒരുമിച്ച് ചേർത്ത് ഓരോ വിശുദ്ധ കുർബാനവച്ച് തുടങ്ങിയ കമ്മ്യൂണിറ്റി എല്ലാ ആഴ്ചയിലും രണ്ടുകുർബാന വരെ, അതും എല്ലാ ആഴ്ചയും റോമിൽനിന്ന് വന്നിട്ട്, ചൊല്ലി ആത്മീയമായി ഒരുമിപ്പിച്ചുകൊണ്ടുവരുമ്പോഴാണ് ലോകത്തെ മുഴുവൻ മറ്റൊരു ജീവിതം പരിശീലിപ്പിച്ച കോവിഡ് വന്നെത്തിയത്. ലോക്ഡൗണും ക്വാറന്റൈനുമൊക്കെയായി എല്ലാം നിറുത്തിവയ്ക്കേണ്ടിവന്ന നാളുകൾ. ബിനോജച്ചന് ഇങ്ങോട്ടുവരാൻ സാധിക്കാതായി. കുർബാനകൾ നിലച്ചു. ബുജീബയിൽ ബഹുമാനപ്പെട്ട ജേക്കബ് അച്ചൻ ചൊല്ലിയിരുന്ന വിശുദ്ധകുർബാനകൾ മാത്രമായിരുന്നു ഏക അത്താണി.



കോവിഡിന്റെ അലയൊലികൾ തെല്ലൊന്ന് അടങ്ങിയപ്പോഴാണ്, രണ്ടുവർഷത്തോളം നീണ്ട തയ്യാറെടുപ്പുകൾക്കൊടുവിൽ പ്രിയപ്പെട്ട ജോഫിയച്ചൻ മാൾട്ടയിലെത്തിയത്. ക്വാറന്റെൻ കാലാവധിയ്ക്ക് ശേഷം ഓരോന്നായി ശ്രദ്ധാപൂർവ്വം ക്രമീകരിക്കാൻ അച്ചനുകഴിഞ്ഞു. മാൾട്ടയെപ്പറ്റി വലിയ ധാരണകളില്ലായിരുന്നെങ്കിലും ഒരു സീറോ മലബാർ ഇടവക എങ്ങനെയായിരിക്കണമെന്ന് അച്ചന് കൃത്യമായറിയാമായിരുന്നു. അടിസ്ഥാന കാര്യങ്ങൾമുതൽ ഓരോന്നും ശ്രദ്ധാപൂർവ്വം പടിപടിയായി ഒരുക്കി. ആധ്യാത്മികമായ ഉണർവ്വ് മാൾട്ടയിൽ ദൃശ്യമായിത്തുടങ്ങി.

ആഴ്ചയിൽ എല്ലാദിവസവും മാൾട്ടയിൽ അങ്ങിങ്ങായി മലയാളം വിശുദ്ധകുർബാനകൾ ലഭ്യമാക്കുന്നതിലായിരുന്നു അച്ചൻ ആദ്യം ശ്രദ്ധിച്ചത്. നിത്യേനയുള്ള വിശുദ്ധകുർബാനയും കുമ്പസാരവും ചൈതന്യമുള്ള, ജീവനുള്ള ഒരു കമ്മ്യൂണിറ്റിയെ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

ഇത്രയധികം യുവാക്കളെ, പ്രത്യേകിച്ച് യൂറോപ്പിന്റെ സ്വാതന്ത്ര്യത്തിൽ നിന്നും മായക്കാഴ്ചകളിൽനിന്നും മുക്തരാക്കി, ഈശോയുടെ കരംപിടിച്ച് നടക്കാൻ പ്രേരിപ്പിക്കുന്നതിൽ അച്ചൻ വിജയിച്ചു. ബഹുമാനപ്പെട്ട ബിനോജച്ചന് ഏറെ പ്രിയമുള്ളതാണ് യുവജനങ്ങൾ. അതിനായി അദ്ദേഹം എസ് എം വൈ എം സംഘടന രൂപീകരിച്ച് യുവാക്കളെ നയിച്ചിരുന്നു. ആ ദൗത്യം ഒട്ടും ശക്തിചോരാതെ അതേ ഉത്സാഹത്തോടെ ജോഫിയച്ചൻ ഏറ്റെടുത്തു. യുവാക്കളുടെ ഇതോരാവശ്യത്തിലും അവരുടെ ചെറിയ സന്തോഷങ്ങളിൽപ്പോലും ഒരു ജ്യേഷ്ഠനെപ്പോലെ കൂടെനിന്നു. വേണ്ടുന്ന സമയങ്ങളിൽ തെറ്റുകൾ ചൂണ്ടിക്കാണിച്ച് തിരുത്തി ആത്മാർത്ഥതയോടെ കൂടെനിന്നു. ഇക്കഴിഞ്ഞ തിരുനാൾ ദിനങ്ങളിൽ അഭിവന്ദ്യ പിതാവിന്റെ താത്പര്യപ്രകാരം തിരുനാൾ നടത്തിപ്പുകാരായി മുൻനിരയിൽ അവരെ അണിനിരത്തിയതിൽ അച്ചനെടുത്ത ശ്രമങ്ങൾ തീർച്ചയായും ഫലപ്രാപ്തിയിലെത്തി. കൂദാശകളുടെ സ്വീകണത്തിലൂടെ പ്രസാദവരത്തിൽ നിലനിൽക്കാനും പ്രത്യേകിച്ച് വിവാഹമെന്ന കൂദാശ ഏറ്റവും യോഗ്യതയോടെ സ്വീകരിക്കാൻ അവരെ ഒരുക്കുകയും ചെയ്യുന്നതിൽ അച്ചൻ വിജയിച്ചതിൽ നമുക്ക് അഭിമാനിക്കാം. വാസ്തവത്തിൽ അവരെ സഭയോട് ചേർത്തുനിർത്താൻ അച്ചൻ നടത്തുന്ന പരിശ്രമങ്ങൾ തന്നെയാണ് ഈ ഇടവക സമൂഹത്തിന്റെ നട്ടെല്ല്.

സഭയുടെ അടിസ്ഥാന ഘടകമാണ് കുടുംബം. മാൾട്ട പോലുള്ള ഒരു സ്ഥലത്ത് ഭാര്യയും ഭർത്താവും ജോലിചെയ്യുകയും കുഞ്ഞുങ്ങളെ വളർത്തുകയും അവരെ പഠിപ്പിക്കുകയും ചെയ്യുന്നതുതന്നെ വളരെയധികം വെല്ലുവിളിനിറഞ്ഞ ഉത്തരവാദിത്തമാണ്. എന്നാൽ അതിനേക്കാളും പ്രാധാന്യമുള്ള ഉത്തരവാദിത്തമാണ് അവരെ വിശ്വാസത്തിൽ വളർത്തുക എന്നത്. ആധുനികലോകത്തിലെ തിരക്കിട്ട മത്സര ജീവിത പ്രയാണത്തിൽ തളർന്നുപോകാതെ ധൈര്യത്തിലും സ്ഥൈര്യത്തിലും അവരെ നിലനിർത്താൻ ദൈവവിശ്വാസവും പ്രാർത്ഥനയും കൂടിയേതീരൂ. അതിനായി അച്ചൻ മാൾട്ടയിലെ ദൈവജനത്തെ സൗകര്യപൂർവ്വം നാല് സോണുകളായി തിരിച്ചു. ആഴ്ചയിൽ രണ്ടുതവണയെങ്കിലും ഓരോ സോണുകളിലും വിശുദ്ധകുർബാന ഉറപ്പാക്കി. മാസംതോറും മുടങ്ങാതെ പ്രാർഥനാകൂട്ടായ്മകൾ നടത്തിവരുന്നു. എല്ലാ സോണുകളിലും കുടുംബകൂട്ടായ്മകളിൽ ഓടിയെത്തുവാനും വചനസന്ദേശം നൽകുവാനും പ്രവർത്തനങ്ങളും പങ്കാളിത്തവും വിലയിരുത്തുവാനും വേണ്ടമാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും അച്ചൻ കാണിക്കുന്ന ആത്മാർത്ഥത വലുതാണ്. സോൺ തലത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റികളെ സജീവമാക്കി ഇടവകയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി. മാതൃവേദി പിതൃവേദി എന്നീ സംഘടനകളെ വളർത്തിക്കൊണ്ടുവന്ന് സഭയോടൊത്ത് ചിന്തിക്കുന്ന കുടുംബങ്ങളാക്കി രൂപാന്തരപ്പെടുത്തി പ്രാർഥനയോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിലും താത്പര്യമുള്ളവരാക്കി.

നാളത്തെ സഭയായി മാറേണ്ട ഇന്നത്തെ കുഞ്ഞുങ്ങളെ വിശ്വാസത്തിൽ വളർത്തി വിശ്വാസമൂല്യങ്ങളും ജീവിത മൂല്യങ്ങളുമുള്ളവരാക്കി മാറ്റാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെപ്പറ്റി അച്ചന് ഉറച്ച ബോധ്യമുണ്ട്. എല്ലാ ഞായറും മതബോധനം ഉറപ്പുവരുത്തുവാനും മുന്നൂറ്റിയമ്പതോളം വരുന്ന നമ്മുടെ കുഞ്ഞുങ്ങളെ അതിൽ മുടങ്ങാതെ പങ്കെടുപ്പിക്കാനും നടത്തുന്ന വെല്ലുവിളിനിറഞ്ഞ പ്രവർത്തനങ്ങൾ അത് വിളിച്ചോതുന്നുണ്ട്. അമ്പതോളം വരുന്ന മതബോധന അധ്യാപകരെ പരിശീലിപ്പിക്കാനും അവരുടെ ഉന്നമനത്തിനായി പ്രയത്നിക്കാനും അച്ചൻ ശ്രദ്ധചെലുത്തുന്നുണ്ട്. വിദ്യാർത്ഥികളെ മതബോധനത്തോടൊപ്പം തന്നെ തിരുബാലസഖ്യം, ചെറുപുഷ്പ മിഷൻലീഗ് എന്നീ സംഘടനകളിലൂടെ അവരെ കൂടുതൽ മികവുറ്റവരാക്കി തീർക്കാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.



ഭക്ത സംഘടനകളും അവയുടെ പ്രവവർത്തനങ്ങളും ഏറെ
ഗൗരവത്തോടെയാണ്   ജോഫിയച്ചൻ കാണുന്നത്.
തിരുബാലസഖ്യം, മിഷൻലീഗ്, എസ് എം വൈ എം,
മാതൃവേദി, പിതൃവേദി എന്നീ സംഘടനകൾ
ബഹുമാനപ്പെട്ട അച്ചന്റെ നേതൃത്വത്തിൽ
ഇടവകയിൽ സജീവപ്രവർത്തനം
നടത്തിവരുന്നു. കൂടാതെ,
മാലാഖവൃന്ദത്തെ ഭൂമിയിൽ
അനുസ്മരിപ്പിക്കുന്ന അൾ
ത്താര ശുശ്രൂഷകർ, സ്വർഗീയ
സംഗീതം മീട്ടുന്ന ദേവാലയ
ഗായകർ, സഭയോടൊത്ത് ചിന്തി
ക്കുന്ന ഒരു പുതു തലമുറയെ വാർ
ത്തെടുക്കാൻ ജോലിത്തിരക്കു
കൾക്കിടയിലും അക്ഷീണം യത്നിക്കുന്ന

മതബോധന അധ്യാപകർ എന്നിവരെ ഒരുമിപ്പിച്ച് നിറുത്താനും ഇടവകയുടെ വളർച്ചയിൽ സജീവ സാന്നിധ്യമാകാനും ഓരോ വിശുദ്ധകുർബാനയും വ്യക്തികൾക്ക് പുതിയ അനുഭവമായിത്തീരാനുമായി അവരെ നിരന്തരം പരിശീലിപ്പിക്കാനും അവരോടൊത്ത് സമയം കണ്ടെത്തുന്നത് എത്ര പ്രശംസിച്ചാലാണ് മതിയാവുക!



















വിശുദ്ധ കുർബാനകൾക്ക് കൃത്യമായ സമയമോ സ്ഥലമോ മുൻകൂട്ടി തീരുമാനിക്കാൻ പറ്റാത്തതാണ് നമ്മുടെ കമ്മ്യൂണിറ്റിയുടെ ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യം. ഇതിനായിട്ടാണ് അച്ചൻ ഒരു മീഡിയ ഗ്രൂപ്പ് ഏകോപിപ്പിച്ചത്. കുർബാനയുടെ അപ്ഡേറ്റ്സ് പോസ്റ്ററുകളായി ചെയ്ത് തുടങ്ങിയ ഗ്രൂപ്പ് പിന്നീട് ഒരു മിനിസ്ട്രി ആയിത്തീർന്നതിന് പിന്നിൽ അച്ചന്റെ കൃത്യമായ പ്ലാനുകളുണ്ട്. സോഷ്യൽ മീഡിയ പലപ്പോഴും തെറ്റായതും വാസ്തവവിരുദ്ധവും തിന്മയെ പ്രോത്സാഹിപ്പിക്കുന്നതും വിശ്വാസികളെപ്പോലും ചഞ്ചലചിത്തരാക്കുന്നതുമായി തീരുന്ന ഈ ആധുനികകാലത്ത് നന്മയുടെ ഒരു നുറുങ്ങുവെട്ടം തെളിയിക്കാൻ ഇന്ന് നമ്മുടെ മീഡിയ മിനിസ്ട്രിയ്ക്ക് കഴിയുന്നുണ്ടെങ്കിൽ അതിനുപിന്നിലും അച്ചന്റെ നിശ്ചയദാർഢ്യം മാത്രമാണ്. സോഷ്യൽ മീഡിയകളിലെ നന്മയുടെ സജീവസാന്നിധ്യവും ഇടവകയുടെ കൃത്യമായ വിവരങ്ങളും രജിസ്ട്രേഷനും അറിയിപ്പുകളും അടങ്ങുന്ന വെബ്സൈറ്റും ഏറ്റവും പുതിയ പാരീഷ് ബുള്ളറ്റിനും ഈ വളർച്ചയെ എടുത്തുകാണിക്കുന്നു. മീഡിയാ മിനിസ്റ്റിയ്ക്ക് നേരിട്ട ഓരോ പ്രതിസന്ധികളിലും അച്ചൻ ചേർത്തുനിർത്തി. ഇന്നത്തെ ജീവിതത്തിൽ മീഡിയ സജീവസാന്നിധ്യമായി നിലനിൽക്കേണ്ടതിന്റെ ആവശ്യകതയും മറ്റേതൊരു ശുശ്രൂഷയ്ക്കും തുല്യമായ ശുശ്രൂഷയാണെന്നും എതിർശബ്ദങ്ങളെ ബോധ്യപ്പെടുത്തുകയാണ് അച്ചൻ ചെയ്തത്!

ഒരിടവകയുടെ ആത്മീയജീവിതത്തിന് കരുത്തേകാൻ വർഷംതോറും പ്രഗത്ഭരായ ധ്യാനഗുരുക്കൻമാരെ കൊണ്ടുവന്ന് വാർഷികാധ്യാനം ഒരുക്കുവാനും സമയാസമയങ്ങളിലും ഓരോ വിശുദ്ധകുർബാനയുടെ ഇടവേളകളിലും കഴിയുന്നത്ര പേർക്ക് വിശുദ്ധകുമ്പസാരം ഒരുക്കാനും അച്ചൻ ജാഗരൂകനാണ്. കൂടാതെ, സെമിനാറുകൾ, പഠന ക്ലാസ്സുകൾ, മറ്റുപരിപാടികൾ എന്നിവ സംഘടനാ തലത്തിൽ സംഘടിപ്പിക്കുവാനും പങ്കാളിത്തം ഉറപ്പിക്കുവാനും അച്ചൻ ശ്രദ്ധാലുവാണ്. ഒത്തിരിയേറെ ജീവകാരുണ്യപ്രവർത്തനങ്ങൾ അച്ചൻ ഇതിനോടകം ചെയ്തിട്ടുണ്ട്, നേതൃത്വം കൊടുത്തിട്ടുണ്ട്. ആരോരുമില്ലാത്തവർക്ക്, രോഗാവസ്ഥയിലുള്ളവർക്ക്, പ്രതിസന്ധികളിൽ ഒറ്റപ്പെട്ട് പോയവർക്ക്, ജോലിയില്ലാതെയും നഷ്ടപ്പെട്ടും വലയുന്നവർക്ക് എന്നിങ്ങനെ അനേകർക്ക് അച്ചൻ ആശ്വാസമായിട്ടുണ്ട്. ഇടവകയിലെ ആരെങ്കിലും ആശുപത്രിയിലാണെങ്കിൽ സന്ദർശിക്കാനും അവർക്ക് ആത്മീയമായ എന്തുസഹായം ചെയ്യാനും അച്ചൻ സദാ സന്നദ്ധനാണ്.

ഒരു ഇടവകയെ സംബന്ധിച്ച് ഇതെല്ലാം വേണ്ടതാണെന്നും ഓരോ വികാരിയച്ചനും ചെയ്യേണ്ട ഉത്തരവാദിത്തമാണെന്നും വേണമെങ്കിൽ പറയാം. പക്ഷേ, നമുക്കറിയാം, ഒരുപക്ഷേ കേരളത്തിലെ ഏതൊരു നല്ല ഇടവകയോടും കിടപിടിക്കത്തക്ക രീതിയിൽ, മുൻപ് പറഞ്ഞതുപോലെ ജോലിയും കുടുംബവും
സന്തുലിതമാക്കാൻ പെടാപ്പാടുപെടുന്ന ഒരുകൂട്ടം മനുഷ്യരെ ചേർത്തു നിർത്തി സ്വന്തമായി ഒരുപള്ളിയോ പള്ളിമുറിയോ പോലുമില്ലാത്ത ഒരിടത്ത് ഒരു കാര്യത്തിലും അൽപ്പംപോലും വിട്ടുവീഴ്ചയില്ലാതെ ഇങ്ങനെ മനോഹരമാക്കി കൊണ്ടുപോകുന്നുണ്ടെങ്കിൽ ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞ പുരോഹിതനാണിതെന്ന് നിസ്സംശയം പറയാം!

ഇതിനൊക്കെ അച്ചനെ പ്രാപ്തനാക്കുന്ന ഒരു ആത്മീയ അടിത്തറ ഒരുക്കിക്കൊടുത്ത പ്രിയപ്പെട്ട അച്ചന്റെ മാതാപിതാക്കളെയോർത്ത് നമുക്ക് ഈ അവസരത്തിൽ ദൈവത്തിന് നന്ദിപറയാം. ലളിതജീവിതവും ജീവിതവിശുദ്ധിയും ആത്മീയ മൂല്യങ്ങളുമുള്ള അച്ചനെ അടുത്തറിയാവുന്നവർക്ക് അറിയാം, തപസ്സും പ്രായ്ശ്ചിത്തവും നോമ്പും പ്രാർഥനയുമെല്ലാം തിരക്കേറിയ ജീവിതത്തിൽ അനുദിനം പ്രാവർത്തികമാക്കി ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടുന്ന ആ ശാന്തജീവിതം. അല്പം ഗൗരവക്കാരനെന്ന് തോന്നുമെങ്കിലും ആർക്കും ഏതുനേരത്തും ജീവിത പ്രതിസന്ധികളിൽ മനം തുറക്കാവുന്ന, നമ്മുടെ വേദനകൾക്ക് കാതോർക്കുന്ന, ആ വേദനകൾ ഈശോയുടെ സഹനങ്ങളോട് ചേർത്ത് അൾത്താരയിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന അച്ചൻ നമ്മുടെ ഭാഗ്യമാണ്! നമുക്കൊരു നിമിഷം അച്ചനെയോർത്ത് ദൈവത്തിന് നന്ദിപറയാം.

അച്ചന്റെ മുന്നോട്ടുള്ള സേവനവഴികളിൽ പരിശുദ്ധാത്മാവിന്റെ ശക്തമായ സാന്നിദ്ധ്യം ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. അച്ചൻ ചേർത്തുവച്ച ഈ കൂട്ടായ്മ മനോഹരമായി ഒരുമയോടെ കൊണ്ടുപോകുന്നതാണ് അച്ചനോട് നമുക്ക് കാണിക്കാവുന്ന ഏറ്റവും വലിയ നന്ദി. അച്ചൻ കൂടെക്കൂടെ ഓർമ്മിപ്പിക്കാറുള്ളതുപോലെ നമുക്ക് കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിയുന്നവരാകാം. പ്രാവുകളെപ്പോലെ നിഷ്കളങ്കരാകുന്നതിനോടൊപ്പം തന്നെ സർപ്പങ്ങളെപ്പോലെ വിവേകികളുമാകാം. നാളിതുവരെ ചെയ്തുതന്ന എല്ലാഉപകാരങ്ങൾക്കും അച്ചന് ആത്മാർത്ഥമായി നന്ദിപറയുന്നു. ഞങ്ങൾ ആരുടെയെങ്കിലും ഭാഗത്തുനിന്ന് വേദനിപ്പിക്കുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഹൃദയപൂർവ്വം ക്ഷമ ചോദിക്കുന്നു. അച്ചനെ ഇനിയും ദൈവം കരംപിടിച്ച് നയിക്കട്ടെ. ■

# നാം എന്തിനു തിരുനാൾ ആഘോഷിക്കണം?

സീറോ മലബാർ സഭയിൽ തിരുനാൾ എന്നത് ആഘോഷങ്ങളുടെ സമാഹാരമോ ആചാരങ്ങളുടെ ആവർത്തനമോ മാത്രമല്ല; സഭയുടെ വിശ്വാസം ജീവിക്കുകയും ആഘോഷിക്കുകയും ലോകത്തോട് പ്രഘോഷിക്കുകയും ചെയ്യുന്ന അനുഗ്രഹീത നിമിഷമാണ്. സീറോ മലബാർ സഭയുടെ പാരമ്പര്യത്തിൽ വിശുദ്ധരുടെ തിരുനാളുകൾ, പ്രത്യേകിച്ച് വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന, നമ്മുടെ വിശ്വാസത്തിന്റെ വേരുകളിലേക്കും അപ്പോസ്തോലിക പാരമ്പര്യത്തിലേക്കും നമ്മെ വീണ്ടും കൂട്ടിക്കൊണ്ടുപോകുന്നു.

"എന്റെ കർത്താവും എന്റെ ദൈവവും" (യോഹന്നാൻ 20:28) എന്ന വിശുദ്ധ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ചരിത്രത്തിലെ ഒരു സംഭവത്തിന്റെ ഓർമ്മ മാത്രമല്ല; ഓരോ ക്രൈസ്തവന്റെയും ഹൃദയത്തിൽ ദിവസവും മുഴങ്ങേണ്ട വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ്. സംശയത്തിൽ നിന്ന് ഉറച്ച വിശ്വാസത്തിലേക്കും, വിശ്വാസത്തിൽ നിന്ന് രക്തസാക്ഷിത്വത്തിലേക്കും സഞ്ചരിച്ച തോമാശ്ലീഹായുടെ ജീവിതം ക്രിസ്തുവിനെ അനുഗമിക്കുന്ന ഏവർക്കും ധൈര്യത്തിന്റെ മാതൃകയാണ്.

സീറോ മലബാർ സഭയ്ക്ക് വിശുദ്ധ തോമാശ്ലീഹാ സ്ഥാപകപിതാവാണ്. ഭാരതഭൂമിയിൽ സുവിശേഷത്തിന്റെ വിത്ത് വിതച്ച അപ്പോസ്തോലന്റെ പാരമ്പര്യത്തിന്റെ അവകാശികളാണ് നാം. അതുകൊണ്ടുതന്നെ ദുക്റാന തിരുനാൾ ഒരു ഓർമ്മപ്പെരുന്നാൾ മാത്രമല്ല; വിശ്വാസം പുതുക്കാനുള്ള വിളിയും സഭയോടുള്ള പ്രതിബദ്ധത നവീകരിക്കാനുള്ള അവസരവുമാണ്.

തിരുനാളിലെ ഏറ്റവും ശ്രദ്ധേയമായ ആത്മീയ അനുഭവങ്ങളിലൊന്നാണ് പ്രദക്ഷിണം. അത് ലോകത്തിന്റെ നടുവിലൂടെ ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്ന ധീരമായ സാക്ഷ്യമാണ്. കൈകളിൽ ക്രൂശും തിരുസ്വരൂപവും, അധരങ്ങളിൽ പ്രാർത്ഥനയും സ്തുതിഗീതങ്ങളും, ഹൃദയത്തിൽ വിശ്വാസവുമായി വിശ്വാസികൾ നഗരവീഥികളിലൂടെ നടക്കുമ്പോൾ, സഭ സമൂഹത്തോട് ഒരു സന്ദേശം നൽകുകയാണ്; ക്രിസ്തു ഇന്നും തന്റെ ജനത്തോടൊപ്പം സഞ്ചരിക്കുന്നു.

പ്രദക്ഷിണം വിശ്വാസത്തിന്റെ യാത്രയെയും ഓർമ്മിപ്പിക്കുന്നു. മരുഭൂമിയിലൂടെ വാഗ്ദത്തനാട്ടിലേക്ക് സഞ്ചരിച്ച ദൈവജനത്തെയും, ശിഷ്യന്മാരോടൊപ്പം നടന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയും, ഭൂമിയിൽ തീർത്ഥാടകരായി മുന്നേറുന്ന സഭയെയും അതിലൂടെ നാം അനുസ്മരിക്കുന്നു. സഭ ദേവാലയത്തിന്റെ ചുമരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ലെന്നും ലോകത്തിന്റെ നടുവിൽ സുവിശേഷത്തിന്റെ വെളിച്ചമായി നിലകൊള്ളേണ്ട സമൂഹമാണെന്നും പ്രദക്ഷിണം പ്രഖ്യാപിക്കുന്നു.

ഇന്നത്തെ ലോകത്തിൽ വിശ്വാസം പലപ്പോഴും സ്വകാര്യമായ അനുഭവമായി ചുരുക്കപ്പെടുമ്പോൾ, തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നത് വിശ്വാസം ജീവിക്കപ്പെടേണ്ടതും പങ്കുവയ്ക്കപ്പെടേണ്ടതും ധൈര്യത്തോടെ പ്രഘോഷിക്കപ്പെടേണ്ടതുമാണെന്നാണ്. വിശുദ്ധ തോമാശ്ലീഹായെപ്പോലെ, കണ്ടുമുട്ടിയ ക്രിസ്തുവിനെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്താൻ ഓരോ വിശ്വാസിയും വിളിക്കപ്പെട്ടിരിക്കുന്നു.

വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന സീറോ മലബാർ വിശ്വാസികൾക്ക് തിരുനാളുകൾക്ക് മറ്റൊരു പ്രത്യേകതയുമുണ്ട്. മാതൃസഭയുമായുള്ള ആത്മീയബന്ധം ശക്തിപ്പെടുത്താനും, അടുത്ത തലമുറയ്ക്ക് വിശ്വാസപാരമ്പര്യം കൈമാറാനും, വിവിധ സംസ്കാരങ്ങൾക്കിടയിൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാക്ഷികളാകാനും ഇത്തരം ആഘോഷങ്ങൾ അവസരമൊരുക്കുന്നു. ഭാഷയും സംസ്കാരവും നാടും മാറിയാലും, വിശ്വാസത്തിന്റെ വേരുകൾ ഒരിക്കലും മുറിഞ്ഞുപോകരുതെന്ന ഓർമ്മപ്പെടുത്തലാണ് ഓരോ തിരുനാളും.
തിരുനാൾ അവസാനിക്കുന്നത് കൊടി താഴുന്നതോടെയോ ആഘോഷപരിപാടികൾ അവസാനിക്കുന്നതോടെയോ അല്ല. യഥാർഥ തിരുനാൾ ആരംഭിക്കുന്നത് വിശുദ്ധ കുർബാനയിൽ സ്വീകരിച്ച ക്രിസ്തുവിനെ ജീവിതത്തിലേക്ക് കൊണ്ടുപോകുമ്പോഴാണ്. ദൈവാലയത്തിൽ ആഘോഷിച്ച വിശ്വാസം കുടുംബങ്ങളിലും ജോലിസ്ഥലങ്ങളിലും സമൂഹത്തിലും സ്നേഹത്തിലൂടെയും സേവനത്തിലൂടെയും സത്യസാക്ഷ്യത്തിലൂടെയും പ്രതിഫലിക്കുമ്പോഴാണ് തിരുനാളിന്റെ ആത്മീയ ഫലം പൂർണമാകുന്നത്.

വിശുദ്ധ തോമാശ്ലീഹായുടെ മാധ്യസ്ഥം തേടി നമുക്കും പ്രാർത്ഥിക്കാം: സംശയങ്ങൾക്ക് അതീതമായി ഉറച്ച വിശ്വാസത്തോടെ ജീവിക്കുവാനും, ക്രിസ്തുവിനെ ധൈര്യത്തോടെ പ്രഘോഷിക്കുവാനും, നമ്മുടെ ജീവിതം തന്നെ സുവിശേഷത്തിന്റെ ജീവനുള്ള സാക്ഷ്യമായി മാറ്റുവാനും ദൈവം കൃപ നല്കട്ടെ.





## വിവിധ സോണുകളിൽ കുടുംബ പ്രാർത്ഥനയും വികാരിയച്ചന് യാത്രയയപ്പ് സമ്മേളനവും നടത്തി

പൗള സെന്റ് മേരീസ് ഫാമിലി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ റവ. ഫാ. മാത്യു വരുവേലിലിന് യാത്രയയപ്പ് നൽകി. 2026 ജൂലൈ 22-ന് പൗള ലൂർദ്ദ് ചർച്ചിലാണ് യാത്രയയപ്പ് ചടങ്ങ് നടന്നത്.

ജപമാലയെ തുടർന്ന് വിശുദ്ധ കുർബാനയും അതിന് ശേഷം ഫാമിലി യൂണിറ്റ് യോഗവും നടന്നു. ഫാ. മാത്യു വരുവേലിലിന്റെ ആത്മീയ നേതൃത്വത്തിനും സേവനങ്ങൾക്കും നന്ദിയും ആദരവും രേഖപ്പെടുത്തി.

റവ. ഫാ. ഷിജിൻ, അജോ,അബിൻ, നിഖിൽ,അഖിൽ, അതുൽ ,ജസ്റ്റിൻ എന്നിവർ സംസാരിച്ചു.

തുടർന്ന് വികാരിയച്ചന് യാത്രാ മംഗളങ്ങൾ നേർന്ന് ബോബിന, അലീന എന്നിവർ ചേർന്ന് ഗാനമാലപിക്കുകയും വികാരിച്ചന് പൂച്ചെണ്ട് നൽകി ആദരിക്കുകയും ചെയ്തു.

തുടർന്ന് റവ. ഫാ. മാത്യു വരുവേലിൽ നന്ദിപ്രസംഗം നടത്തി. തന്റെ ശുശ്രൂഷാകാലത്ത് നൽകിയ സ്നേഹത്തിനും സഹകരണത്തിനും പ്രാർത്ഥനാ പിന്തുണയ്ക്കും എല്ലാ ഫാമിലി യൂണിറ്റ് അംഗങ്ങൾക്കും അദ്ദേഹം ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി. തുടർന്ന് ലഘുഭക്ഷണത്തോടെ ചടങ്ങുകൾ സമാപിച്ചു.





ബുജിബാ സോണിന്റെ കുടുംബ കൂട്ടായ്മയും യാത്രയയപ്പ് സമ്മേളനവും ജൂലൈ 29 ന് മാത്യുസ് , ടിന്റു ആൻഡ് ഫാമിലിയുടെ ഭവനത്തിൽ വെച്ചു നടന്നു. കൂട്ടായ്മ പ്രസിഡന്റ് ഷിബു സ്വാഗതമാശംസിക്കുകയും സെക്രട്ടറി സന്ധ്യ റിപ്പോർട്ട വതരണവും നടത്തി. കൂട്ടായ്മ ഭാരവാഹികളും മുൻഭാരവാഹികളും അച്ചന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് വികാരിയച്ചൻ മറുപടി പ്രസംഗം നടത്തി . ജോയിന്റ് സെക്രട്ടറി നിവ്യ നന്ദിപ്രകാശനം നടത്തി. തുടർന്ന് സ്നേഹ വിരുന്നോടെ ചടങ്ങുകൾ സമാപിച്ചു.





കേരളത്തിന്റെ സ്വന്തം വിശുദ്ധയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ മാൾട്ട സീറോ മലബാർ കമ്മ്യൂണിറ്റിയിൽ വിപുലമായി ആഘോഷിച്ചു. ജൂലൈ 26,27,28 തിയതികളിലായി നടന്ന ഭക്തിനിർഭരമായ ആഘോഷപരിപാടികൾക്ക് മോസ്ത വി. അൽഫോൻസാ ഫാമിലി യൂണിറ്റ് നേതൃത്വം നൽകി. ജൂലൈ 28 ന് ഇക്ലിൻ ചർച്ചിൽ നടന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് വികാരി ഫാ. മാത്യു വാരുവേലിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് മധ്യസ്ഥ പ്രാർത്ഥനയും പ്രദക്ഷിണവും സ്നേഹവിരുന്നും നടന്നു.







സെന്റ് അൽഫോൻസാ ഫാമിലി യൂണിറ്റിന്റെ രണ്ടാം വാർഷികാഘോഷം ഓഗസ്റ്റ് 1-ന് ബെൽസാൻ പാരിഷ് ചർച്ച് ഹാളിൽ വിവിധ പരിപാടികളോടെ ആഘോഷപൂർവം നടത്തപ്പെട്ടു.

വാർഷികാഘോഷത്തിന്റെ ഭാഗമായി ബെൽസാൻ പാരിഷ് ചർച്ചിൽ ഫാ. ക്ലെമന്റ് പാടിയതുപ്പറമ്പിൽ നേതൃത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പാരിഷ് ഹാളിൽ പൊതുസമ്മേളനം, കൂട്ടായ്മ

അംഗ ങ്ങളുടെ വിവിധ കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവ സംഘടിപ്പിച്ചു.

പൊതുസമ്മേളനത്തിൽ വികാരി ഫാ. മാത്യു വാരുവേലിൽ അധ്യക്ഷത വഹിച്ചു. ഫാ. ക്ലെമന്റ് പാടിയതുപ്പറമ്പിൽ വാർഷികാഘോഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ഫാ. ഡാമിയൻ, ഫാ. ജോജി, ഫാ. ജിനു, ഫാ. പോൾ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കൂട്ടായ്മ അംഗങ്ങളുടെ സജീവ പങ്കാളിത്തവും കലാപരിപാടികളും വാർഷികാഘോഷത്തിന് കൂടുതൽ മികവേകി.

സ്നേഹവിരുന്നോടെ രണ്ടാം വാർഷികാഘോഷ പരിപാടികൾ സമാപിച്ചു.






എംസിദ സോണിൽ കുടുംബ കൂട്ടായ്മയും വികാരിയച്ചന് യാത്രയയപ്പും ജൂലൈ 17 ന് ബിജോയ് ജോസിന്റെ ഭവനത്തിൽ വെച്ചു നടന്നു.





പ്രർത്ഥനയോടനുബന്ധിച്ച് വികാരി റവ. ഫാ മാത്യു വാരുവേലിൽ വചനപ്രഘോഷണം നടത്തി. തുടർന്ന് വികാരിയച്ചന് യാത്രാമംഗളങ്ങൾ നേർന്ന് കുടുംബകൂട്ടായ്മ ഭാരവാഹികളും അംഗങ്ങളും സംസാരിച്ചു. വികാരിയച്ചന്റെ മറുപടി പ്രസംഗത്തിന് ശേഷം സ്നേഹവിരുന്നോടെ യോഗത്തിന് സമാപനമായി.

---

## മാൾട്ട സീറോ മലബാർ കമ്മ്യൂണിറ്റിയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ ജോഫിയച്ചന്റെ പങ്ക് പ്രശംസനീയം: ഫാ. ക്ലമന്റ് പടത്തിപറമ്പിൽ

മാൾട്ട സീറോ മലബാർ കമ്മ്യൂണിറ്റിയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ വികാരി ഫാ. മാത്യു വാരുവേലിൽ (ജോഫിയച്ചൻ) വഹിച്ച പങ്ക് ഏറെ പ്രശംസനീയമാണെന്ന് സീറോ മലബാർ സഭാ യൂറോപ്പ് അപ്പോസ്തോലിക് വിസിറ്റേഷൻ ജനറൽ കോർഡിനേറ്റർ റവ. ഫാ. ക്ലമന്റ് ചിറയത്ത് പടത്തിപറമ്പിൽ അഭിപ്രായപ്പെട്ടു.



അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിന്റെ പ്രത്യേക പ്രതിനിധിയായി മാൾട്ടയിലെത്തിയ ഫാ. ക്ലമന്റ് ചിറയത്ത് പടത്തിപറമ്പിൽ സീറോ മലബാർ കമ്മ്യൂണിറ്റിയുടെ വിവിധ പരിപാടികളിൽ പങ്കെടുക്കുകയും ഗോസോയിലെ കമ്മ്യൂണിറ്റി സന്ദർശിക്കുകയും വികാരി ഫാ. മാത്യു വാരുവേലിന് ഇടവകാംഗങ്ങൾ നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത അദ്ദേഹം, അച്ചന്റെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനവും നടത്തി.



മാൾട്ടയിൽ സീറോ മലബാർ കമ്മ്യൂണിറ്റിയെ കെട്ടുറപ്പോടെ വളർത്തിയെടുക്കുന്നതിലും വിശ്വാസസമൂഹത്തിന്റെ ആത്മീയവും സാമൂഹികവുമായ ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലും ജോഫിയച്ചൻ നൽകിയ സംഭാവനകളെ ഫാ. ക്ലമന്റ് പ്രത്യേകം അനുസ്മരിച്ചു. അച്ചന്റെ സമർപ്പിത സേവനങ്ങൾക്കും നേതൃത്വത്തിനും നന്ദി രേഖപ്പെടുത്തുകയും തുടർന്നുള്ള ശുശ്രൂഷകൾക്ക് ആശംസകൾ നേരുകയും ചെയ്തു.

ഇടവകയുമായി ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളും ഔദ്യോഗികമായി പരിശോധിച്ച ഫാ. ക്ലമന്റ്, സെൻട്രൽ കമ്മിറ്റി യോഗത്തിലും പങ്കെടുത്തു. കമ്മിറ്റിയംഗങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും ഇടവകയുടെ തുടർ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുകയും ചെയ്തു.

മോസ്തയിലെ വിശുദ്ധ അൽഫോൻസ കുടുംബ യൂണിറ്റിന്റെ വാർഷികാഘോഷത്തിലും ഫാ. ക്ലമന്റിന്റെ സാന്നിധ്യം ശ്രദ്ധേയമായി. ആഘോഷപരിപാടികളിൽ പങ്കെടുത്ത അദ്ദേഹം വിശ്വാസസമൂഹത്തെ അനുഗ്രഹിക്കുകയും കുടുംബ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്തു.

ഫാ. ക്ലമന്റ് ചിറയത്ത് പടത്തിപറമ്പിലിന്റെ സന്ദർശനം മാൾട്ട സീറോ മലബാർ കമ്മ്യൂണിറ്റിക്ക് ആത്മീയമായും സംഘടനാപരമായും ഏറെ പ്രചോദനവും ആവേശവും നൽകുന്നതായിരുന്നു.

## പ്രിയപ്പെട്ട ജോഫി അച്ചന് സ്നേഹാദരവായി ഇടവക സമൂഹത്തിന്റെ യാത്രയയപ്പ്...

മാൾട്ട: മാൾട്ട സീറോ മലബാർ സമൂഹത്തെ കഴിഞ്ഞ ആറുവർഷക്കാലം ആത്മീയമായും ഭൗതി കമായും ധീരമായി നയിച്ച വികാരി ഫാ. മാത്യു വാരുവേലിൽ അച്ചന് ഇടവക സമൂഹം സ്നേഹപൂർവം യാത്രയയപ്പ് നൽകി. ജൂലൈ 31 വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് സാന്റാ വെനേര പാരിഷ് ചർച്ചിൽ നടന്ന യാത്രയയപ്പ് സമ്മേളനം സ്നേഹത്തിന്റെയും നന്ദിയുടെയും ഓർമകളുടെയും നിറവിൽ വികാരനിർഭരമായി.














വൈകിട്ട് 7 മണിക്ക് അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്. തുടർന്ന് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ ശ്രീമതി റിൻസി സജിത്ത് സ്വാഗതം ആശംസിച്ചു.

കഴിഞ്ഞ ആറുവർഷത്തെ ഫാ. മാത്യു വാരുവേലിൽ അച്ചന്റെ ശുശ്രൂഷാജീവിതത്തെ അനുസ്മരിച്ചുകൊണ്ട് ഫാ. ക്ലമന്റ്, ഫാ. ഡാമിയൻ, ഫാ. ജേക്കബ്, ഫാ. ജോജി, ഫാ. മനു, ബിർകിർക്കരയിലെ പാരിഷ് ചർച്ച് ഓഫ് ദ അസംപ്ഷൻ വികാരി ഫാ. ഇവാൻ, ബ്ര. ജോസഫ് ബോണിച്ചി എന്നിവർ സംസാരിച്ചു. അച്ചന്റെ ആത്മീയ നേതൃത്വവും സ്നേഹപൂർവമായ ഇടപെടലുകളും സമൂഹത്തിനായി നൽകിയ വിലപ്പെട്ട സേവനങ്ങളും അവർ പ്രത്യേകം അനുസ്മരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.
ഇടവക സമൂഹത്തിന്റെ സ്നേഹത്തിന്റെയും ആദരവിന്റെയും പ്രതീകമായി കൈക്കാരന്മാരായ ഡൊമിനിക് ചാക്കോയും റിന്റോ പൗലോസും ചേർന്ന് ഇടവകയുടെ ഉപഹാരം ഫാ. മാത്യു വാരുവേലിൽ അച്ചന് സമർപ്പിച്ചു.
സീറോ മലബാർ യൂറോപ്പ് അപ്പസ്തോലിക് വിസിറ്റേഷൻ ജനറൽ കോർഡിനേറ്റർ ഫാ. ക്ലമന്റ് പടത്തിപറമ്പിൽ പൊന്നാടയണിയിച്ച് അച്ചനെ ആദരിച്ചു. ചടങ്ങിൽ ബ്ര. ഫിലിപ്പിന്റെയും മിസ്റ്റർ ജോ അക്വിലിനയുടെയും സാന്നിധ്യം വേദിയെ കൂടുതൽ ധന്യമാക്കി.

ആറുവർഷത്തെ ശുശ്രൂഷാകാലത്ത് ഇടവക സമൂഹത്തോടൊപ്പം സ്നേഹത്തിലും വിശ്വാസത്തിലും ചേർന്നുനിന്ന ഫാ. മാത്യു വാരുവേലിൽ അച്ചന്റെ സേവനങ്ങൾക്ക് ഓരോരുത്തരും ഹൃദയപൂർവം നന്ദി രേഖപ്പെടുത്തി. ഔദ്യോഗികമായ യാത്രയയപ്പായിരുന്നെങ്കിലും, സ്നേഹബന്ധങ്ങൾക്കും ഓർമകൾക്കും വിടപറയാൻ കഴിയാത്ത ഒരു വൈകാരിക നിമിഷമായിരുന്നു സമ്മേളനം.
തുടർന്ന് റിന്റോ പൗലോസ് ഏവർക്കും നന്ദി രേഖപ്പെടുത്തി. പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ആത്മീയ വളർച്ചയുടെയും പാതയിൽ ആറുവർഷം സമൂഹത്തെ നയിച്ച പ്രിയ വികാരിയച്ചന് മാൾട്ട സീറോ മലബാർ സമൂഹം ഹൃദയപൂർവമായ നന്ദിയും സ്നേഹവും നേർന്നു.

## A Tribute to Five Years of Exemplary Service: Malta Community Honours Fr. Mathew

The first time I met Fr Matthew was in November 2022, when the Syro Malabar Community approached the Society for Christian Doctrine, known in Malta as MUSEUM, for assistance in the Sunday Catechism. It was the first time I had come into contact with the Syro Malabar community in Malta.

I was struck by Fr Matthew's prudence in communication. He listened a lot and spoke only when necessary. He came across as a man in love with God and totally devoted to the community he was assigned to serve. As time went by, I came to appreciate and confirm the Christian virtues in Fr Matthew, shown in his dedication to each and every member of the community. Our weekly meetings on Sunday afternoons revealed a shepherd who, in the words of Pope Francis,

'smells like his flock'. Fr Matthew would come to Catechism Classes in Msida after celebrating one Qurbana or more around the island, and sometimes, would be on his way to Gozo to take care of the flock on the sister island.

I was really strengthened by his gentle manner of greeting the parents on his way to the classes and by his dedication to every catechism group, from the youngest Bible Nursery Group to the oldest Young People in Class 11. He had a word and a smile for everyone, delivered in great silence. This is the silence where God

speaks through a person. It is the silence of the person who lets God make him a meeting place where God and men, God and women, God and children, God and young people, meet. In this way, the virtues of the shepherd are transferred to the flock and the

sheep 'smell like the shepherd'.

It is no wonder that the Syro Malabar community in Malta has become a beacon of light in a country where the Catholic roots are being threatened. God has sent Fr Matthew as a gift and a light to: this ever growing community to sustain the faith of the local population.

Dear Fr Matthew, thank you for letting God's love shine through your life and words. Thank you for the steadfast faith and the gentle way in which you treated every person who came into your life during these years of service in Malta. Thank you for keeping alight the fire that was kindled on this island by the Apostle Paul two thousand years ago. Your presence and your ministry have made the Syro

Malabar community a ray of hope for many who come into contact with your people in daily life. You have now been called to travel from the island of the Apostle Paul to the larger island of the Apostle Patrick. Both of these apostles had to cast away the evil one, symbolised by the snake, on their arrival. They cast it away by their faith in the One whom the

Apostle Thomas called: 'My Lord and My God!' May you travel forward in the presence of the dear Lord Jesus Christ, light of all nations, conqueror over the evil one.

Allow me to end this message with a word from St George Preca, the Maltese Saint: 'Set yourself ablaze with the fervent desire of giving souls to Jesus, but first give him your own ,and then those of many others?

Thank you, Lord, for having given us Fr Matthew.

And thank you, Fr Matthew, for having given us the Lord!

May God be with you and guide you. And, in St Ignatius Loyola's prayer, "May the Holy Mother keep you close to her son!"

Grazzi hafna!

Br. Joseph Bonnici (MUSEUM)







# തിരുനാൾ ഒന്നാം ദിവസം


























# തിരുനാൾ രണ്ടാം ദിവസം




























# തിരുനാൾ പ്രദക്ഷിണം







ST THOMAS SYRO MALABAR COMMUNITY MALTA
ST THOMAS FEAST
INDIAN CATHOLIC COMMUNITY





# പരിശുദ്ധ റാസ



















# ഇടയൻ



തിരുനാളിനോട് അനുബന്ധിച്ച് സീറോ മലബാർ സഭാ മുൻ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ സന്ദർശനം മാൾട്ടയിലെ സീറോ മലബാർ കമ്മ്യൂണിറ്റിക്ക് അത്യന്തം അനുഗ്രഹപ്രദവും സന്തോഷപ്രദവുമായ ആവേശകരമായ ദിവസങ്ങളായിരുന്നു.

# വിശ്വാസ സമൂഹത്തിന് ആത്മീയ ഉണർവ്വും ആവേശവും നൽകി കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ സാന്നിധ്യം





മാൾട്ടയിൽ ഏകദേശം ഒരാഴ്ചയോളം ഉണ്ടായിരുന്ന മാർ ജോർജ് ആലഞ്ചേരി വിശ്വാസ സമൂഹത്തിന് ആത്മീയമായും മാനസികമായും അത്യന്തം അനുഗ്രഹപ്രദമായ ദിവസങ്ങളാണ് സമ്മാനിച്ചത്. മാൾട്ടയിലെ സീറോ മലബാർ കമ്മ്യൂണിറ്റിയുടെ പ്രവർത്തനങ്ങളെയും വിശ്വാസ തീക്ഷണതയെയും അദ്ദേഹം അടുത്തറിയുകയും അതിൽ ആഴത്തിലുള്ള സന്തോഷവും തൃപ്തിയും പ്രകടിപ്പിക്കുകയും ചെയ്തു.

മാൾട്ടയിലെ  വിശ്വാസികൾ വർഷങ്ങളായി പ്രാർത്ഥനയിലും കൂട്ടായ്മയിലും വിശ്വാസജീവിതം വളർത്തിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ്. ഈ സമൂഹത്തിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങളും ദൈവവിശ്വാസത്തിൽ ഉള്ള ഉറച്ച നിലപാടും കർദിനാളിനെ ഏറെ ആകർഷിച്ചു. വിശ്വാസം ഒരു സംസ്കാരമായി മാത്രമല്ല, ജീവിതശൈലിയായി അവർ നിലനിർത്തുന്ന രീതിയെ അദ്ദേഹം പ്രത്യേകം പ്രശംസിച്ചു.

ഈ സന്ദർശനത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്, മാൾട്ട സന്ദർശിക്കുന്ന ആദ്യ സീറോ മലബാർ കർദിനാളാണ് മാർ ജോർജ് ആലഞ്ചേരി എന്നത്. അതിനാൽ തന്നെ ഈ സന്ദർശനം ചരിത്രപരമായ ഒരു നാഴികക്കല്ലായി മാറി.

വിശ്വാസികളുടെ ഇടയിൽ അദ്ദേഹം പങ്കെടുത്ത പ്രാർത്ഥനകളും കൂടിക്കാഴ്ചകളും ആത്മീയ ഉണർവിന് കാരണമായി. പലർക്കും അത് സഭയോടുള്ള ബന്ധം കൂടുതൽ ആഴപ്പെടുത്തുന്ന അനുഭവമായി മാറി.



കമ്മ്യൂണിറ്റിയുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ടപ്പോൾ, അവരുടെ ഏകോപനവും സമർപ്പണവും കർദിനാളിനെ ഏറെ  സന്തോഷിപ്പിച്ചു. വിദേശഭൂമിയിൽ ജീവിക്കുമ്പോളും സ്വന്തം  വിശ്വാസ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന ഈ സമൂഹത്തിന്റെ ആത്മാർത്ഥത  അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. ഇത് സീറോ മലബാർ സഭയുടെ ആഗോള വളർച്ചയുടെ ഒരു തെളിവായി അദ്ദേഹം വിലയിരുത്തി.



ഈ സന്ദർശനം മാൾട്ടയിലെ സീറോ മലബാർ വിശ്വാസികൾക്ക് ഒരു ആത്മീയ ഉണർവിന്റെ കാലമായിരുന്നു. കർദിനാളിന്റെ വാക്കുകളും സാന്നിധ്യവും അവരുടെ വിശ്വാസജീവിതത്തിൽ പുതിയ ഉത്സാഹവും പ്രത്യാശയും പകർന്നു. സഭയോടുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും ഈ ദിനങ്ങൾ പ്രചോദനമായി.

ഈ സന്ദർശനം മാൾട്ടയിലെ വിശ്വാസികൾക്ക് ഒരു ഔപചാരിക കൂടിക്കാഴ്ച മാത്രമല്ല, മറിച്ച് വിശ്വാസത്തിന്റെ ആഴത്തിൽ നിന്നുള്ള ഒരു ആത്മീയ സംഗമമായിരുന്നു.

മാൾട്ടയിലെ സീറോ മലബാർ സമൂഹത്തിന്റെ ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന, അനുഗ്രഹത്തിന്റെ നിറവുള്ള ദിനങ്ങളായി കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ സന്ദർശനം നിലനിൽക്കും. ■






# പ്രണയം

"LOVE IS THE MEANING OF LIFE" എന്നൊരു പുസ്തകത്തിൽ വായിച്ചതായി ഞാൻ ഓർക്കുന്നു. എന്നാൽ അതിൽ എത്ര മാത്രം സത്യം ഉണ്ടെന്ന് മനസിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. അതിനു കാരണം പ്രണയം എന്ന വികാരത്തെ വ്യണപ്പെടുത്തിയ നമ്മുടെ സമൂഹത്തിന്റെ ആശയങ്ങൾ തന്നെയാണ്. നമ്മുടെ നാട്ടിൽ ഏറ്റവും വിലക്കപ്പെട്ട ഒരു ബന്ധമാണ് പ്രണയം എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. പലപ്പോഴും പ്രണയത്തെ സൗഹൃദമായി താരതമ്യം ചെയ്ത് ചിലർ സംസാരിക്കാറുണ്ട്. സത്യത്തിൽ നാം ഇതിനെ പറ്റി ഗൗരവമായി കാണേണ്ടി ഇരിക്കുന്നു. നമ്മുടെ കുട്ടികളോട് നമ്മൾ എപ്പോഴാണ് പ്രണയത്തെ പറ്റി പറഞ്ഞിട്ടുള്ളത്.

പ്രണയം എന്താണെന്നോ, പ്രണയം എങ്ങനെ ആവാമെന്നോ , പ്രണയിക്കുന്ന ആളെ എങ്ങനെ കണ്ടെത്താം എന്നോ , പ്രണയത്തിന് അതിർവരമ്പുകൾ ഇല്ലായെന്നോ , അത് കേവലം ശാരീരികമായ ഒന്ന് മാത്രം അല്ലാ മറിച്ച് ഹൃദയങ്ങൾ തമ്മിൽ സംയോജിക്കുന്ന ദിവ്യമായ അനുഭൂതിയാണ് എന്നുമൊക്കെ നമ്മൾ എപ്പോഴേലും അവരോട് പറഞ്ഞിട്ടുണ്ടോ ?
പ്രണയം എന്ന പേരിൽ ഒട്ടു മിക്ക സിനിമകളും , സമൂഹ മാധ്യമങ്ങളും കാണിക്കുന്ന അനാവശ്യങ്ങൾക്ക് അപ്പുറം അവർ എവിടെയെങ്കിലും പ്രണയം അറിഞ്ഞിട്ടുണ്ടോ ?

പ്രണയം എന്നാൽ സ്നേഹിക്കുന്ന വ്യക്തിയുടെ സ്വപ്നങ്ങളുടെ പിന്നാലെ സഞ്ചരിക്കേണ്ട ഒന്നാണെന്നും, പ്രണയത്തിൽ പരാജയം ഉണ്ടാകാമെന്നും , പരസ്പര ബഹുമാനം വേണമെന്നും , തുറന്ന് സംസാരിക്കണമെന്നും , വ്യക്തി താൽപര്യങ്ങൾ മാനിക്കണമെന്നും , നമ്മൾ അവരോട് പറഞ്ഞിട്ടുണ്ടോ ? പുറകെ നടന്ന് ശല്യം ചെയ്ത് ആളെ വീഴ്ത്താൻ നോക്കുന്നത് ശരിയല്ല എന്ന് നമ്മൾ പറഞ്ഞു പഠിപ്പിച്ചിട്ടുണ്ടോ ? സ്നേഹം ഒരിക്കലും പിടിച്ചു വാങ്ങേണ്ട ഒന്നല്ല മറിച്ചു അത് അറിഞ്ഞു തരേണ്ടതാണെന്ന് പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ ?

പ്രണയിതാക്കൾ പിടിക്കപ്പെട്ടാൽ അവരുടെ മാതാപിതാക്കളെ വിളിച്ചു വരുത്തി അവരെ മറ്റുള്ളവരുടെ മുമ്പിൽ തെറ്റുകാരാക്കുന്ന അധ്യാപകരെ, നിങ്ങൾ ഒരിക്കൽ എങ്കിലും പ്രണയം എന്ന വികാരത്തെ പറ്റി കുഞ്ഞുങ്ങൾക്ക് പറഞ്ഞു കൊടുത്തിട്ടുണ്ടോ ? പ്രണയം കാമമാണെന്നുള്ള സങ്കല്പങ്ങളിലേക്ക് കൊണ്ട് വച്ച യുവതലമുറക്കാരെ നിങ്ങൾ എത്ര വലിയ തെറ്റാണ് ചെയ്തത് എന്ന് മനസിലാവുന്നുണ്ടോ ?

പ്രണയം മനോഹരമാണ് . നിർവചനങ്ങൾക്ക് അപ്പുറവും .
വ്യക്തികൾ മാറാം , രീതികൾ മാറാം . പക്ഷെ അതൊന്നും ആ വികാരത്തെ കുറ്റപ്പെടുത്താൻ മാത്രം ഉള്ള കാര്യങ്ങൾ അല്ല. ആരോഗ്യകരമായ പ്രണയ മാതൃകകൾ ഉണ്ടാകേണ്ടതുണ്ട്. സ്കൂളുകളിലും വീടുകളിലും അത് സംസാരിക്കേണ്ടതുണ്ട്. പ്രണയം ഇല്ലാതിരിക്കുക എന്നതും നോർമൽ ആയി കാണേണ്ടതുണ്ട്. പ്രണയിക്കാൻ നമ്മൾ ആളുകളെ അനുവദിക്കേണ്ടതുണ്ട്, അവർക്ക് ഇഷ്ടമുള്ള മനുഷ്യരെ.

തനിച്ചാവുമെന്ന ഭയത്താൽ സ്നേഹം യാചിച്ചു വാങ്ങാതിരിക്കുക . സ്നേഹിക്കാനും പരിഗണിക്കാനും നിങ്ങൾക്ക് നിങ്ങളോളം പോന്നൊരു കൂട്ട് അസാധ്യമാണ് .
പ്രണയിച്ചോളൂ , കാരണം പ്രണയം നിങ്ങളെ മാറ്റിയിട്ടുണ്ടെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാരാണ് .
Adjustment അല്ല Understanding ആണ് പ്രണയത്തിൽ വേണ്ടത്.
പ്രണയം വിജയിക്കുന്നത് വിവാഹത്തോടെയല്ല , വിവാഹം കഴിഞ്ഞാലും അവർ പ്രണയിക്കുമ്പോഴാണ് .
പ്രണയം എന്നാൽ എത്ര നാൾ കൂടെയുണ്ടായി എന്നതല്ല എത്രമേൽ നമ്മളെ മനസിലാക്കി എന്നതിലാണ് കാര്യം തകർച്ചകളിൽ ചേർത്തു നിർത്തുന്ന തളരുമ്പോൾ താങ്ങി പിടിക്കുന്ന കരങ്ങളാണ് പ്രണയത്തിന് വേണ്ടത് .

ഒരു പ്രണയം ഒക്കെ ലൈഫിൽ വന്ന് പോകുന്നത് നല്ലതാടോ ! ഒന്നുമില്ലെങ്കിലും കുറച്ചു മാറ്റങ്ങളെങ്കിലും വരും , കേട്ടിട്ടില്ലേ, Every Pain Change A Person എന്ന്..

**നിതിൻ പോൾ മുണ്ടുമാക്കിൽ**





# ആധുനിക സമൂഹിത്തൽ മൊബൈൽ ഫോണിന്റെ ആസക്തി

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ മൊബൈൽ ഫോൺ മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. ആശയവിനിമയം, പഠനം, ജോലി, വിനോദം എന്നിവയ്ക്ക് ഇത് വളരെ ഉപകാരപ്രദമാണെങ്കിലും, അമിതമായ ഉപയോഗം മൊബൈൽ അഡിക്ഷൻ എന്ന ഗുരുതരമായ പ്രശ്നത്തിലേക്ക് നയിക്കുന്നു. ഇതുമൂലം പഠനത്തിലും ജോലിയിലും ശ്രദ്ധ കുറയുക, ഉറക്കക്കുറവ്, മാനസിക സമ്മർദ്ദം, കുടുംബബന്ധങ്ങളിൽ അകലം, ആത്മീയ ജീവിതത്തിൽ തളർച്ച എന്നിവ ഉണ്ടാകാം. ഈ അവസ്ഥയിൽ നിന്ന് മോചനം നേടാൻ ആത്മനിയന്ത്രണം, സമയക്രമം പാലിക്കൽ, അനാവശ്യ മൊബൈൽ ഉപയോഗം കുറയ്ക്കൽ എന്നിവയ്ക്കൊപ്പം ദൈവത്തിലുള്ള വിശ്വാസവും പ്രാർത്ഥനയും വലിയ സഹായമാണ്. ദൈവവചനം വായിക്കുകയും, പ്രാർത്ഥനയിൽ സ്ഥിരത പുലർത്തുകയും, സഭാ കൂട്ടായ്മയിൽ പങ്കാളികളാകുകയും ചെയ്യുമ്പോൾ മനസ്സിന് സമാധാനവും പുതിയ ശക്തിയും ലഭിക്കുന്നു. "പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരായിരിക്കും" (യോഹന്നാൻ 8:36) എന്ന ബൈബിൾ വാക്യം ഏത് അടിമത്തത്തിൽ നിന്നും ദൈവം മോചനം നൽകാൻ ശക്തനാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ, മൊബൈൽ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാൻ അനുവദിക്കാതെ, ദൈവത്തിന്റെ സഹായത്തോടെ നല്ല ശീലങ്ങൾ വളർത്തി, സമയം ജ്ഞാനപൂർവ്വം ഉപയോഗിച്ച് സന്തുലിതവും ആത്മീയമായി സമൃദ്ധവുമായ ജീവിതം നയിക്കാൻ നാം പരിശ്രമിക്കണം.

അതിനാൽ, മൊബൈൽ ഫോൺ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ഉപകരണമാകാതെ, നാം അതിനെ ജ്ഞാനത്തോടെയും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കണം. ആത്മനിയന്ത്രണം, നല്ല ശീലങ്ങൾ, കുടുംബത്തിന്റെ പിന്തുണ, ദൈവത്തിലുള്ള വിശ്വാസം എന്നിവയിലൂടെ മൊബൈൽ അഡിക്ഷനിൽ നിന്ന് ക്രമേണ മോചനം നേടുകയും ആത്മീയമായും മാനസികമായും സാമൂഹികമായും സമ്പന്നമായ ജീവിതം നയിക്കുകയും ചെയ്യാം.

സ്നേഹ എബിൻ



# വിശുദ്ധ തോമാശ്ലീഹാ. വിശ്വാസത്തിന്റെ വഴികാട്ടി, പ്രവാസികളുടെ പ്രചോദനം

**ജിജോ ജോർജ്**

"എന്റെ കർത്താവും എന്റെ ദൈവവും!" (യോഹന്നാൻ 20:28)

ഈ വാക്കുകൾ ഒരു അപ്പോസ്തലന്റെ വിശ്വാസപ്രഖ്യാപനം മാത്രമല്ല; സംശയത്തിൽ നിന്ന് ഉറച്ച വിശ്വാസത്തിലേക്കുള്ള ഒരു ആത്മീയ യാത്രയുടെ അടയാളമാണ്. വിശുദ്ധ തോമാശ്ലീഹായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥ വിശ്വാസം സംശയമില്ലാത്ത ജീവിതത്തിൽ നിന്നല്ല, മറിച്ച് സത്യത്തെ ആത്മാർത്ഥമായി അന്വേഷിച്ച് ക്രിസ്തുവിൽ പൂർണ്ണമായി ആശ്രയിക്കുന്ന ഹൃദയത്തിൽ നിന്നാണ് വളരുന്നത് എന്നതാണ്.

സുവിശേഷത്തിൽ തോമാശ്ലീഹായുടെ മറ്റൊരു മനോഹരമായ വിശ്വാസപ്രഖ്യാപനവും നാം കാണുന്നു. ലാസറിനെ കാണാൻ യേശു വീണ്ടും യെഹൂദ്യയിലേക്ക് പോകാൻ തീരുമാനിച്ചപ്പോൾ, അവിടെ ജീവന് അപകടമുണ്ടാകാമെന്ന് അറിഞ്ഞിട്ടും തോമാശ്ലീഹാ മറ്റ് ശിഷ്യന്മാരോട് പറഞ്ഞു:

"നമുക്കും അവനോടുകൂടെ പോയി മരിക്കാം." (യോഹന്നാൻ 11:16)

ഈ വാക്കുകൾ തോമാശ്ലീഹായുടെ ധൈര്യവും ക്രിസ്തുവിനോടുള്ള സ്നേഹവും സമർപ്പണവും വെളിപ്പെടുത്തുന്നു. പിന്നീട്, യേശുവിന്റെ പുനരുത്ഥാനത്തെ ആദ്യം വിശ്വസിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എന്നാൽ യേശു അദ്ദേഹത്തെ കുറ്റപ്പെടുത്തുകയോ തള്ളിക്കളയുകയോ ചെയ്തില്ല. മറിച്ച്, തന്റെ മുറിവുകൾ കാണിച്ചുകൊടുത്ത് അദ്ദേഹത്തിന്റെ വിശ്വാസത്തെ ഉറപ്പിച്ചു. അപ്പോൾ തോമാശ്ലീഹാ ലോകം ഇന്നും ഏറ്റുപറയുന്ന വിശ്വാസപ്രഖ്യാപനം നടത്തി:

"എന്റെ കർത്താവും എന്റെ ദൈവവും!"

സംശയത്തിൽ നിന്ന് വിശ്വാസത്തിലേക്കും, വിശ്വാസത്തിൽ നിന്ന് സമർപ്പണത്തിലേക്കും, സമർപ്പണത്തിൽ നിന്ന് സാക്ഷിത്വത്തിലേക്കുമുള്ള ഈ യാത്രയാണ് വിശുദ്ധ തോമാശ്ലീഹായുടെ ജീവിതത്തിന്റെ ഏറ്റവും വലിയ സന്ദേശം.

ക്രൈസ്തവ പാരമ്പര്യമനുസരിച്ച് വിശുദ്ധ തോമാശ്ലീഹാ ഇന്ത്യയിലെത്തി, നമ്മുടെ കേരളമണ്ണിൽ സുവിശേഷത്തിന്റെ വിത്ത് വിതറി. ഇന്ന് കേരളത്തിലെ ക്രൈസ്തവ വിശ്വാസത്തിന്റെ ശക്തമായ വേരുകളിൽ അദ്ദേഹത്തിന്റെ പ്രേഷിതദൗത്യത്തിന്റെ ഓർമ്മ ജീവിക്കുന്നു. അതുകൊണ്ടുതന്നെ, അദ്ദേഹം ഒരു ചരിത്രപുരുഷൻ മാത്രമല്ല; നമ്മുടെ വിശ്വാസത്തിന്റെ പിതാവും മാതൃകയുമാണ്.

ഇന്ന് നാം മാൾട്ടയിൽ ജീവിക്കുന്ന മലയാളി ക്രൈസ്തവ സമൂഹമെന്ന നിലയിൽ, തോമാശ്ലീഹായുടെ ജീവിതം നമ്മോട് ഒരു പ്രധാന ചോദ്യം ചോദിക്കുന്നു:

"പ്രവാസജീവിതത്തിലും ഞാൻ ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷിയാണോ?"

പ്രവാസജീവിതം എളുപ്പമല്ല. കുടുംബത്തിൽ നിന്ന് അകന്നുള്ള ജീവിതം, ജോലിയുടെ സമ്മർദ്ദം, സാമ്പത്തിക ഉത്തരവാദിത്വങ്ങൾ, മക്കളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ, ആരോഗ്യപ്രശ്നങ്ങൾ, ഏകാന്തത—ഇവയെല്ലാം നമ്മുടെ വിശ്വാസത്തെ പരീക്ഷിച്ചേക്കാം. എന്നാൽ അത്തരം സാഹചര്യങ്ങളിൽ തളരാതെ, ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് പോകാൻ വിശുദ്ധ തോമാശ്ലീഹാ നമ്മെ പ്രചോദിപ്പിക്കുന്നു.

നമ്മുടെ ജോലിസ്ഥലത്ത് സത്യസന്ധത പുലർത്തുമ്പോഴും, കുടുംബത്തിൽ സ്നേഹവും ക്ഷമയും വളർത്തുമ്പോഴും, സമൂഹത്തിൽ ഐക്യവും സഹകരണവും കാത്തുസൂക്ഷിക്കുമ്പോഴും, നാം വാക്കുകൾകൊണ്ട് മാത്രമല്ല, ജീവിതംകൊണ്ടും സുവിശേഷം പ്രസംഗിക്കുകയാണ്.

അതോടൊപ്പം, ഒരു ആത്മപരിശോധനയും ആവശ്യമാണ്. നമ്മുടെ ഇടവകയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതും സമയം മാറ്റിവെക്കുന്നതും കഴിവുകൾ പങ്കുവെക്കുന്നതും ദൈവം സന്തോഷത്തോടെ സ്വീകരിക്കുന്ന വലിയ സേവനമാണ്. എന്നാൽ യഥാർത്ഥ ക്രിസ്തീയത നമ്മുടെ പ്രവർത്തനങ്ങളിൽ മാത്രമല്ല, നമ്മുടെ സ്നേഹത്തിലും വിനയത്തിലും മറ്റുള്ളവരോടുള്ള സമീപനത്തിലുമാണ് പ്രകടമാകേണ്ടത്.

നമ്മോടൊപ്പം ദേവാലയത്തിലേക്ക് വരുന്ന ഓരോ വ്യക്തിയും ദൈവത്തിന്റെ മക്കളാണ്. ഒരു പുഞ്ചിരി, ഒരു സ്നേഹപൂർവമായ അഭിവാദ്യം, ഒരു കരുതലുള്ള വാക്ക്—ഇവ ചിലപ്പോൾ ദൈർഘ്യമേറിയ പ്രസംഗങ്ങളെക്കാൾ ശക്തമായി ക്രിസ്തുവിനെ സാക്ഷ്യം വഹിക്കും.

യേശു ഒരിക്കലും പാപികളെ അകറ്റിനിർത്തിയില്ല. അവിടുന്ന് അവരെ സ്നേഹത്തോടെ സ്വീകരിക്കുകയും, അവരോടൊപ്പം സമയം ചെലവഴിക്കുകയും, മാനസാന്തരത്തിലേക്കും ദൈവസ്നേഹത്തിലേക്കും ക്ഷണിക്കുകയും ചെയ്തു. അതിനാൽ നാമും ആരെയും വിധിക്കാതെ,



അവരുടെ കുറവുകളെ നോക്കാതെ, ക്രിസ്തുവിന്റെ സ്നേഹത്തോടെ സ്വീകരിക്കാൻ പഠിക്കണം. നമ്മുടെ സേവനം സ്നേഹവും വിനയവും ഇല്ലാത്തതാണെങ്കിൽ, അത് ക്രിസ്തുവിന്റെ മാതൃക പൂർണ്ണമായി പ്രതിഫലിപ്പിക്കുകയില്ല.

മാൾട്ടയിലെ മലയാളി ക്രൈസ്തവ സമൂഹം വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും വളരട്ടെ. നമ്മുടെ മക്കൾക്ക് വിശ്വാസത്തിന്റെ പാരമ്പര്യം കൈമാറുകയും, കുടുംബപ്രാർത്ഥനയ്ക്കും വിശുദ്ധ കുർബാനയ്ക്കും ദൈവവചനത്തിനും സഭാജീവിതത്തിനും പ്രഥമസ്ഥാനം നൽകുകയും ചെയ്യാം. അങ്ങനെ നാം വിശുദ്ധ തോമാശ്ലീഹായുടെ ആത്മാവിനെ നമ്മുടെ ജീവിതത്തിലൂടെ തുടരുന്നവരാകും.

ഈ വിശുദ്ധ തോമാശ്ലീഹാ തിരുനാൾ നമ്മെ ഓരോരുത്തരെയും ആത്മപരിശോധനയ്ക്ക് വിളിക്കട്ടെ.

ഞാൻ ചെയ്യുന്ന സേവനം ആളുകളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നുണ്ടോ? എന്റെ വാക്കുകളിലും പ്രവർത്തികളിലും പുഞ്ചിരിയിലും മറ്റുള്ളവർക്ക് ക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കാൻ കഴിയുന്നുണ്ടോ?

നമുക്കും വിശുദ്ധ തോമാശ്ലീഹായെപ്പോലെ ധൈര്യത്തോടെ പറയാം:

"നമുക്കും അവനോടുകൂടെ പോയി മരിക്കാം."

ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും ഹൃദയപൂർവം ഏറ്റുപറയാം:

"എന്റെ കർത്താവും എന്റെ ദൈവവും!"

ആമേൻ.



# Zaphneth Pheneyya

മാൾട്ട സെന്റ് തോമസ് സിറോ മലബാർ കമ്മ്യൂണിറ്റിയുടെ തിരുനാളിനോടനുബന്ധിച്ച് ഇടവകാംഗങ്ങൾ അവതരിപ്പിച്ച നാടകം
' Zaphneth Pheneyya' ഏറെ ശ്രദ്ധേയമായി. കേരളത്തിലെ പള്ളി പെരുന്നാളുകളോട് ചേർന്നുനിൽക്കുന്ന പ്രൊഫഷണൽ നാടകങ്ങളുടെ ആവേശവും ആസ്വാദനവും മാൾട്ടയിലെ പ്രേക്ഷകർക്ക് പകർന്നു നൽകാൻ ഈ നാടകാവതരണത്തിന് കഴിഞ്ഞു. ബൈബിളിലെ പഴയ നിയമത്തിൽ നിന്നുള്ള ജോസഫിന്റെ ജീവിതകഥയെ ആസ്പദമാക്കിയായിരുന്നു നാടകത്തിന്റെ അവതരണം. സഹോദരന്മാരുടെ അസൂയയും വഞ്ചനയും, അടിമത്തത്തിന്റെ ദുരിതങ്ങളും, പ്രതിസന്ധികളെ അതിജീവിച്ചുള്ള ഉയർച്ചയും, ഒടുവിൽ ക്ഷമയുടെയും ദൈവവിശ്വാസത്തിന്റെയും വിജയവും നിറഞ്ഞ ജോസഫിന്റെ ജീവിതം ശക്തമായ നാടകീയ മുഹൂർത്തങ്ങളിലൂടെ വേദിയിൽ പുനരാവിഷ്കരിക്കുകയായിരുന്നു.
രചന മുതൽ സംവിധാനം, അഭിനയം, വേദിയൊരുക്കം തുടങ്ങി അവതരണത്തിന്റെ ഓരോ ഘട്ടത്തിലും പുലർത്തിയ പ്രൊഫഷണലിസമാണ് നാടകത്തിന്റെ പ്രധാന സവിശേഷത. തിരക്കേറിയ ജോലി ജീവിതത്തിനിടയിലും വിലപ്പെട്ട സമയം കണ്ടെത്തി റിഹേഴ്സലുകൾക്കും ഒരുക്കങ്ങൾക്കും വേണ്ടി മാറ്റിവെച്ച അഭിനേതാക്കളുടെയും അണിയറ പ്രവർത്തകരുടെയും ആത്മാർഥമായ പരിശ്രമമാണ് നാടകത്തെ വിജയത്തിലെത്തിച്ചത്.

> **"**
>
> **അരങ്ങിലെത്തിയത് പ്രൊഫഷണൽ നാടകങ്ങളെ വെല്ലുന്ന അവതരണ മികവോടെ**

വേദിയിൽ കഥാപാത്രങ്ങൾക്ക് ജീവൻ പകർന്ന ഓരോ അഭിനേതാവും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. കഥയുടെ വൈകാരികതയും സംഘർഷങ്ങളും ഹാസ്യവും പ്രേക്ഷകരിലേക്ക് സ്വാഭാവികമായി എത്തിക്കാൻ അഭിനേതാക്കൾക്ക് കഴിഞ്ഞു. അതോടൊപ്പം വേദിസംവിധാനം, ശബ്ദം, വെളിച്ചം, വേഷവിധാനം തുടങ്ങിയ മേഖലകളിലെ മികവും അവതരണത്തിന്റെ നിലവാരം ഉയർത്തി.

നാട്ടിലെ പള്ളി പെരുന്നാളുകളിൽ പ്രൊഫഷണൽ നാടകങ്ങൾക്കുള്ള ജനപ്രീതി മാൾട്ടയിലും പുനഃസൃഷ്ടിക്കുകയായിരുന്നു ഈ അവതരണം. ഒരു കൂട്ടായ്മയുടെ കലാപരമായ കഴിവിനപ്പുറം, വിശ്വാസവും സൗഹൃദവും കൂട്ടായ പരിശ്രമവും ഒരുമിച്ചുചേർന്നപ്പോൾ എത്ര മനോഹരമായൊരു വേദിസൃഷ്ടി സാധ്യമാകുമെന്ന് തെളിയിച്ച അവതരണമായി ഇത് മാറി.

നാടകത്തിന്റെ സംവിധായകൻ സാജൻ തോമസ് ആയിരുന്നു. വേദിയിലെ അഭിനേതാക്കളുടെയും അണിയറ പ്രവർത്തകരുടെയും ഏകോപനവും കൃത്യമായ സംവിധാനവും അവതരണത്തിന്റെ മികവിന് നിർണായകമായി.

സാജൻ തോമസിന്റെ സംവിധാനത്തിൽ എബിൻ, ഡൊമിനിക്, സാജൻ, റിന്റോ, മാർട്ടിൻ, ബിനോയ്, ഷൈൻ, അൽജോ, ജെറിൻ, വിൽസൺ, ലിയോ, റോയ്സൺ, സന്ധ്യ, ജ്യോതിസ്, റിയ, ഫെബി, കാമറിൻ, ജോമി, ജൈസി. എന്നിവരാണ് കഥാപാത്രങ്ങൾക്ക് ജീവൻ നൽകിയത്.

■







# വരകളിലൂടെ...




എയ്ഡൻ കെ ജോർജ് ( Year 3 )



അരുൺ തോമസ്
പൗള സോൺ



ട്രീസ പയസ്




അരുൺ തോമസ്
പൗള സോൺ